"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി (WTO സെൽ) വകുപ്പ്-നെല്ല് സംഭരണ സമിതി-അന്തിമ റിപ്പോർട്ട്-മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തുന്നതിന് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെ ഔദ്യോഗികമായി ചുമതലപ്പെടുത്തിക്കൊണ്ടും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സമർപ്പിച്ചിരിക്കുന്ന ഇൻവോയ്സ് അംഗീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (WTO സെൽ) വകുപ്പ്**

സ.ഉ.(സാധാ) നം.98/2024/AGRI തീയതി,തിരുവനന്തപുരം, 01-02-2024

---

പരാമർശം:-

1. 26.09.2022ലെ സ.ഉ(കൈ)നം.22/2022/CLAD
2. 23.01.2023 തീയതിയിലെ സ.ഉ(കൈ)നം.12/2023/കൃഷി
3. കൃഷി വകുപ്പ് ഡയറക്ടറുടെ 23.12.2023 തീയതിയിലെ ADFW/5150/2023-TM2 നമ്പർ കത്ത്.
4. 08.01.2024 തീയതിയിലെ സ.ഉ(സാധാ)നം.29/2024/കൃഷി
5. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ലഭ്യമാക്കിയിരിക്കുന്ന 31.01.2024 തീയതിയിലെ നം.പി3/288/2024/സിൽ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം 2 പ്രകാരം രൂപീകൃതമായ നെല്ല് സംഭരണ സമിതിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് ഡയറക്ടർ പരാമർശം 3 പ്രകാരം ലഭ്യമാക്കിയിരുന്ന 15 ലക്ഷം രൂപ(പതിനഞ്ച് ലക്ഷം രൂപ)-യുടെ പ്രൊപ്പോസൽ അംഗീകരിച്ചുകൊണ്ട് പ്രസ്തുത 15 ലക്ഷം രൂപ(പതിനഞ്ച് ലക്ഷം രൂപ) 2435-01-101-85 Plan എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി പരാമർശം 4 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെ ആധികാരിക പരിഭാഷ നൽകുന്ന ഔദ്യോഗിക ഏജൻസിയായി ചുമതലപ്പെടുത്തി കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

നെല്ല് സംഭരണ സമിതി സർക്കാരിൽ സമർപ്പിച്ച പഠനത്തിന്റെ കരട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എ.പി.സി-യുടെ അധ്യക്ഷതയിൽ ചേർന്ന സ്റ്റേക്ക് ഹോൾഡർ കൺസൾട്ടേഷനിൽ കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പ്രൊഫഷണൽ മലയാളം പരിഭാഷ സഹായിയെ WTO സെൽ സ്പെഷ്യൽ ഓഫീസർ കണ്ടെത്തണമെന്ന് തീരുമാനിക്കുകയുണ്ടായി. തുടർന്ന്, സ്പെഷ്യൽ ഓഫീസറുടെ നിർദേശാനുസരണം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പരാമർശം 5

പ്രകാരം ചുവടെച്ചേർത്തിരിക്കുന്ന 42,820/-രൂപ (നാൽപ്പത്തിരണ്ടായിരത്തി എണ്ണൂറ്റിയിരുപത് രൂപ മാത്രം)-യുടെ ഇൻവോയ്സ് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | വിശദാംശങ്ങൾ | അളവ് | തുക (രൂപയിൽ) |
|---|---|---|---|
| 1 | പരിഭാഷപ്പെടുത്തുന്നതിനുള്ള ചാർജ്ജ് (Translation Charge) | 54 പേജുകൾ | 28,728/- |
| 2 | ഡി.റ്റി.പി ചാർജ്ജ് | | 1836/- |
| 3 | സൂക്ഷ്മ പരിശോധകനുള്ള ചാർജ്ജ് (For Wettor) | | 4309/- |
| 4 | പ്രൂഫ് റീഡിംഗ്(Proof Reading) | | 810/- |
| 5 | സർവ്വീസ് ചാർജ്ജ്(Service Charge) | | 7137/- |
| | ആകെ(Total) | | 42,820/- (നാൽപ്പത്തിരണ്ടായിരത്തി എണ്ണൂറ്റിയിരുപത് രൂപ മാത്രം) |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നെല്ല് സംഭരണ സമിതിയുടെ അന്തിമ റിപ്പോർട്ട് (അനുബന്ധവും പട്ടികകളും ഒഴികെ) മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തുവാൻ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെ ഔദ്യോഗികമായി ഏൽപ്പിച്ചുകൊണ്ടും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പരാമർശം 5 പ്രകാരം സമർപ്പിച്ചിരിക്കുന്ന 42,820/-രൂപ (നാൽപ്പത്തിരണ്ടായിരത്തി എണ്ണൂറ്റിയിരുപത് രൂപ മാത്രം)-യുടെ മേൽച്ചേർത്തിരിക്കുന്ന ഇൻവോയ്സ്, നാല് ആഴ്ചക്കാലയളവിനുള്ളിൽ ഭാഷാ മാറ്റാ ജോലികൾ പൂർത്തീകരിച്ച് റിപ്പോർട്ട് ഹാർഡ് കോപ്പി -യായും മന്ദാരം ഫോണ്ടിൽ എഡിറ്റബിൾ ഫോർമാറ്റിലും, പി.ഡി.എഫ് ഫോർമാറ്റിലും സോഫ്റ്റ് കോപ്പിയായും അതോടൊപ്പം ഹാർഡ് കോപ്പിയുടെ ഒരു പകർപ്പും കൂടി സർക്കാരിൽ ലഭ്യമാക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥയിൽ അംഗീകരിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഭാഷാ മാറ്റാ ജോലികൾ പൂർത്തീകരിച്ച് റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് ഇൻവോയ്സ് പ്രകാരമുള്ള 42,820/-രൂപ

(നാൽപ്പത്തിരണ്ടായിരത്തി എണ്ണൂറ്റിയിരുപത് രൂപ മാത്രം) പരാമർശം 4 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് (ബാങ്കിന്റെ പേര്: എസ്.ബി.ഐ, വികാസ് ഭവൻ, തിരുവനന്തപുരം, അക്കൗണ്ട് നമ്പർ:57044155746, ഐ.എഫ്.എസ്.സി കോഡ്: SBIN0070415) കൃഷി വകുപ്പ് ഡയറക്ടർ മാറി നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആരതി എൽ ആർ ഐഎഎസ്
SPECIAL OFFICER

ഡയറക്ടർ,കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, നളന്ദ, തിരുവനന്തപുരം-695 003
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള ,തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ /ഓഫീസ് പകർപ്പ് (AGRI-WTO1/19/2023-AGRI-Part(1) )

ഉത്തരവിൻ പ്രകാരം

Signed by
Megha R
Date: 01-02-2024 14:27:59

സെക്ഷൻ ഓഫീസർ

പകർപ്പ്:-കൃഷി (WTO സെൽ) വകുപ്പ് സ്പെഷ്യൽ ഓഫീസറുടെ സി.എ-യ്ക്ക്.